"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - ലാൻഡ് റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന എല്ലാ ജില്ലാ കളക്ടറേറ്റുകളിലെയും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക തസ്തികകളും കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകളും ഉൾപ്പെടെ 217 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ 31.03.2025 വരെ തുടർച്ചാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.91/2024/RD തീയതി,തിരുവനന്തപുരം, 06-06-2024

പരാമർശം:-

1. സ.ഉ.(കൈ) നം.510/1998/ആർ.ഡി. തീയതി 14.10.1998
2. സ.ഉ.(കൈ) നം.75/2023/ആർ.ഡി. തീയതി 03.04.2023
3. സ.ഉ.(കൈ) നം.196/2023/ആർ.ഡി. തീയതി 17.08.2023
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 02.04.2024 ലെ ഇ8/10404/22 നമ്പർ കത്ത്

**ഉത്തരവ്**

ലാൻഡ് റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന എല്ലാ ജില്ലാ കളക്ടറേറ്റുകളിലെയും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക തസ്തികകൾക്ക് പരാമർശം (2) പ്രകാരവും, ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകൾക്ക് പരാമർശം (3) പ്രകാരവും 31.03.2023 വരെ തുടർച്ചാനുമതി നൽകിയിരുന്നു. പ്രസ്തുത താത്ക്കാലിക തസ്തികകൾ (197+20=217) സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ലാ കളക്ടറേറ്റിലെ യൂണിറ്റുകൾ | ഡെപ്യൂട്ടി തഹസിൽദാർ | ക്ലാർക്ക് | സി.എ. | ടൈപ്പിസ്റ്റ് | അറ്റൻഡർ | ഒ.എ. | ആകെ |
|---|---|---|---|---|---|---|---|
| ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ - ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളില് ഒന്നു | - | 16 | 4 | - | - | - | 20 |

| | | | | | | | |
|---|---|---|---|---|---|---|---|
| വീതം | | | | | | | |
| റവന്യൂ റിക്കവറി യൂണിറ്റുകൾ — വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ഒന്ന് വീതം. | - | 10 | 5 | - | - | - | 15 |
| കെട്ടിട നികുതി, റവന്യൂ റിക്കവറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയവ. (14 ജില്ലകളിൽ) | 14 | 42 | - | 28 | 14 | 84 | 182 |
| ആകെ | 14 | 68 | 9 | 28 | 14 | 84 | 217 |

2) ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ എണ്ണവും വിസ്തീർണ്ണവും വളരെ കൂടുതലായതിനാലും ആയതിൽ KINFRA Projects, City Road Improvement Projects, Airport Connectivity Road Projects, Coastal Highway projects, Indian Navigation Waterway projects തുടങ്ങിയ വിവിധ പദ്ധതികളെല്ലാം തന്നെ സർക്കാറിന്റെ മുൻഗണനാ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും നടപടികൾ ത്വരിതപ്പെടുത്തി നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ഭൂമി ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട് എന്നും ഏറ്റെടുക്കൽ നടപടികൾ വൈകുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണെന്നും വർഷാവർഷം കെട്ടിടനിർമ്മാണ രംഗത്ത് ഉണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി സർക്കാര് വരുമാനം ഉയർത്തുവാൻ നിലവിലെ സംവിധാനം അപര്യാപ്തമാണെന്നും സംസ്ഥാനത്തുടനീളം തെരഞ്ഞെടുപ്പ് സംബന്ധമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും ഓരോ വർഷവും വോട്ടർ പട്ടിക പുതുക്കേണ്ടതുമാണ് എന്നതിനാൽ ഇലക്ഷനു വേണ്ടി പ്രവർത്തിക്കുന്ന താല്ക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്താവുന്നതാണെന്നും സർക്കാർ റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഊർജ്ജിത പിരിവ് യത്നം പ്രഖ്യാപിച്ചിട്ടുണ്ട് എന്നും റവന്യൂ റിക്കവറി വഴി സർക്കാർ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടേണ്ട ബാധ്യത മേൽ പരാമർശിച്ച ഓഫീസുകൾക്കുള്ളതിനാൽ അവ സ്ഥിരപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ് എന്നും അറിയിക്കുകയും ആയതിനാൽ മേല്പറഞ്ഞ 217 താല്ക്കാലിക തസ്തികകൾക്കും 01.04.2024 മുതൽ തുടർച്ചാനുമതി ദീർഘിപ്പിച്ച് നൽകണമെന്നും പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലാൻഡ് റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന എല്ലാ ജില്ലാ കളക്ടറേറ്റുകളിലെയും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക തസ്തികകളും കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകളും ഉൾപ്പെടെ ചുവടെ ചേർക്കുന്ന 217 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ പ്രാബല്യത്തിൽ 31.03.2025 വരെ തുടർച്ചാനുമതി നൽകി ഉത്തരവാകുന്നു.

| ജില്ലാ കളക്ടറേറ്റിലെ യൂണിറ്റുകൾ | ഡെപ്യൂട്ടി തഹസിൽദാർ | ക്ലാർക്ക് | സി.എ. | ടൈപ്പിസ്റ്റ് | അറ്റൻഡർ | ഒ. എ. | ആകെ |
|---|---|---|---|---|---|---|---|
| ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ - ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളില് ഒന്നു വീതം | - | 16 | 4 | - | - | - | 20 |
| റവന്യൂ റിക്കവറി യൂണിറ്റുകൾ — വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ഒന്ന് വീതം. | - | 10 | 5 | - | - | - | 15 |
| കെട്ടിട നികുതി, റവന്യൂ റിക്കവറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയവ. (14 ജില്ലകളിൽ) | 14 | 42 | - | 28 | 14 | 84 | 182 |
| ആകെ | 14 | 68 | 9 | 28 | 14 | 84 | 217 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)

എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും. (ലാൻഡ് റവന്യൂ കമ്മീഷണർ മുഖേന)

ധനകാര്യ വകുപ്പ്. (09.05.2024 ലെ E-2768272/EXP-D1/147/2024-FIN നമ്പർ റിമാർക്സ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്. (05.06.2024 ലെ 2203-ാം നമ്പർ ഇനം പ്രകാരം)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്-സൈറ്റിൽ പ്രസിദ്ധീകരണത്തിനായി)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T2/97/2024-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 07-06-2024 10:44:59

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

രഹസ്യം

കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-06-2024

ഫയൽ നം. REV-T2/97/2024/REV. ഇനം നം: 2203

വിഷയം : റവന്യൂ വകുപ്പ് - ജില്ലാ കളക്ട്രേറ്റുകളിലെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താൽക്കാലിക തസ്തികകളും കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ട്രേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താൽക്കാലിക തസ്തികകളും ഉൾപ്പെടെ മൊത്തം 217 താൽക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ 31.03.2025 വരെ മുൻകാല പ്രാബല്യത്തിൽ തുടർച്ചാനുമതി ദീർഘിപ്പിച്ച് നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

5/6

5/6

2203

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | REV-T2/97/2024-REV |
| 2 | വകുപ്പ് | റവന്യൂ (റ്റി) വകുപ്പ് |
| 3 | വിഷയം | ജില്ലാ കളക്ടറേറ്റുകളിലെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക തസ്തികകളും കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകളും ഉൾപ്പെടെ മൊത്തം 217 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ 31.03.2025 വരെ മുൻകാല പ്രാബല്യത്തിൽ തുടർച്ചാനുമതി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 22.05.2024 |
| 5 | (i) ഇത് സാമ്പത്തികബാദ്ധ്യതയുള്ളതാണോ ? | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾകൊള്ളിച്ചിട്ടുണ്ടോ ? | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. റോയിച്ചൻ തോമസ് |
| 8. | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 31.05.2024 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04.06.2024 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ. രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 04.06.2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 04.06.2024 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

03.04.2023 ലെ സ.ഉ.(കൈ)നം.75/2023/ആർ.ഡി. പ്രകാരം തുടർച്ചാനുമതി നൽകിയിരുന്ന ജില്ലാ കളക്ടറേറ്റുകളിലെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക തസ്തികകളും, 17.08.2023 ലെ സ.ഉ.(കൈ)നം.196/2023/ആർ.ഡി. പ്രകാരം തുടർച്ചാനുമതി നൽകിയിരുന്ന ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകളും ഉൾപ്പെടെ ആകെ 217 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ പ്രാബല്യത്തിൽ 31.03.2025 വരെ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) ജില്ലാ കളക്ടറേറ്റുകളിലെ 217 **താല്ക്കാലിക തസ്തികകൾ** സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ലാ കളക്ടറേറ്റിലെ യൂണിറ്റുകൾ | ഡെപ്യൂട്ടി തഹസിൽദാർ | ക്ലാർക്ക് | സി. എ. | ടൈപ്പിസ്റ്റ് | അറ്റൻഡർ | ഒ. എ. | ആകെ |
|---|---|---|---|---|---|---|---|
| ലാൻഡ് അക്വിസിഷൻ യൂണിറ്റുകൾ – ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നിവിടങ്ങളിൽ ഒന്നു വീതം | - | 16 | 4 | - | - | - | 20 |
| റവന്യൂ റിക്കവറി യൂണിറ്റുകൾ – വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോട്ടയം എന്നിവിടങ്ങളിൽ ഒന്ന് വീതം. | - | 10 | 5 | - | - | - | 15 |
| കെട്ടിട നികുതി, റവന്യൂ റിക്കവറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ തുടങ്ങിയവ. (14 ജില്ലകളിൽ) | 14 | 42 | - | 28 | 14 | 84 | 182 |
| ആകെ | 14 | 68 | 9 | 28 | 14 | 84 | 217 |

3) ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ എണ്ണവും വിസ്തീർണ്ണവും വളരെ കൂടുതലായതിനാലും ആയതിൽ KINFRA Projects, City Road Improvement Projects, Airport Connectivity Road Projects, Coastal Highway projects, Indian Navigation Waterway projects തുടങ്ങിയ വിവിധ പദ്ധതികളെല്ലാം തന്നെ സർക്കാറിന്റെ മുൻഗണനാ

പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാലും നടപടികൾ ത്വരിതപ്പെടുത്തി നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ ഭൂമി ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട് എന്നും ഏറ്റെടുക്കൽ നടപടികൾ വൈകുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്നതാണെന്നും കമ്മീഷണർ അറിയിച്ചിരുന്നു. വർഷാവർഷം കെട്ടിടനിർമ്മാണ രംഗത്ത് ഉണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി സർക്കാർ വരുമാനം ഉയർത്തുവാൻ നിലവിലെ സംവിധാനം അപര്യാപ്തമാണെന്നും അറിയിച്ചിരുന്നു. സംസ്ഥാനത്തുടനീളം തെരഞ്ഞെടുപ്പ് സംബന്ധമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും ഓരോ വർഷവും വോട്ടർ പട്ടിക പുതുക്കേണ്ടതുമാണ് എന്നതിനാൽ ഇലക്ഷനു വേണ്ടി പ്രവർത്തിക്കുന്ന താല്ക്കാലിക തസ്തികകൾ സ്ഥിരപ്പെടുത്താവുന്നതാണെന്നും കമ്മീഷണർ അഭിപ്രായപ്പെട്ടിരുന്നു. സർക്കാർ റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ഊർജ്ജിത പിരിവ് യത്നം പ്രഖ്യാപിച്ചിട്ടുണ്ട് എന്നും റവന്യൂ റിക്കവറി വഴി സർക്കാർ ഖജനാവിലേയ്ക്ക് മുതൽക്കൂട്ടേണ്ട ബാധ്യത മേൽ പരാമർശിച്ച ഓഫീസുകൾക്കുള്ളതിനാൽ അവ സ്ഥിരപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമാണ് എന്നും അറിയിച്ചിരുന്നു. ആയതിനാൽ മേൽ പരാമർശിച്ച 217 താല്ക്കാലിക തസ്തികകൾക്കും 01.04.2024 മുതൽ തുടർച്ചാനുമതി ദീർഘിപ്പിച്ച് നൽകണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ ആവശ്യപ്പെടുകയുണ്ടായി.

4) പ്രസ്തുത പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

"ബിൽഡിംഗ് ടാക്സ് പിരിക്കുന്നതിനായും, തെരഞ്ഞടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടറേറ്റുകളിലേയ്ക്കും താലൂക്ക് ഓഫീസുകളിലേയ്ക്കും, വിവിധ സർക്കാർ / സർക്കാർ ഇതര കുടിശ്ശികകൾ പിരിക്കുന്നതിനുമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബിൽഡിംഗ് ടാക്സ്, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, റവന്യൂ റിക്കവറി (14 ജില്ലകളിൽ) എന്നിവയിലെ 182 തസ്തികകൾക്ക് 01/04/2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകുന്നു.

വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോട്ടയം ജില്ലകളിലെ ആർ.ആർ. യൂണിറ്റുകളിലെ 15 തസ്തികകൾക്ക് 01/04/2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകുന്നു.

ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ 4 ജില്ലാകളക്ടറേറ്റുകളിൽ മാത്രമാണ് ലാൻഡ് അക്വിസിഷൻ ഏകോപനവുമായി ബന്ധപ്പെട്ട താല്ക്കാലിക തസ്തികകൾ നിലവിൽ ഉള്ളത് എന്നതിനാലും ബാക്കി ജില്ലകളിലെ ഡെപ്യൂട്ടി കളക്ടർമാരുടെ കീഴിലുള്ള തസ്തികകൾ സ്ഥിരം തസ്തികകളായതിനാലും ഈ ജില്ലകളിലെ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

ഏകോപിപ്പിക്കുന്നതിന് ആലപ്പുഴ, മലപ്പുറം, കാസറഗോഡ്, കണ്ണൂർ എന്നീ നാല് ജില്ലാ കളക്ടറേറ്റുകളിൽ മാത്രം സൃഷ്ടിക്കപ്പെട്ട 20 തസ്തികകൾക്ക് 01/04/2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകുന്നു.

ഈ തീരുമാനത്തിന് ഉചിതതല അംഗീകാരമുണ്ട്. "

5) മേൽ സാഹചര്യത്തിൽ, ധന വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ളത് പ്രകാരം, ലാൻഡ് റവന്യൂ വകുപ്പിന് കീഴിലുള്ള മുകളിൽ ചേർത്തിട്ടുള്ള 217 താൽക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ 31.03.2025 വരെ തുടർച്ചാനുമതി ദീർഘിപ്പിച്ച് നൽകാവുന്നതാണ്.

6) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## <u>തീരുമാനമെടുക്കേണ്ട വിഷയം</u>

ലാൻഡ് റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന എല്ലാ ജില്ലാ കളക്ടറേറ്റുകളിലെയും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ, ബിൽഡിംഗ് ടാക്സ് യൂണിറ്റുകൾ, റവന്യൂ റിക്കവറി യൂണിറ്റുകൾ എന്നിവയിലെ 197 താല്ക്കാലിക തസ്തികകളും കൂടാതെ ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലാ കളക്ടറേറ്റുകളിലെ ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിലെ 20 താല്ക്കാലിക തസ്തികകളും ഉൾപ്പെടെ ഖണ്ഡിക 2 ൽ പരാമർശിച്ചിട്ടുള്ള മൊത്തം 217 താല്ക്കാലിക തസ്തികകൾക്ക് 01.04.2024 മുതൽ പ്രാബല്യത്തിൽ 31.03.2025 വരെ തുടർച്ചാനുമതി നൽകാവുന്നതാണോ?

**GOVERNMENT OF KERALA**
**(SRI. PINARAYI VIJAYAN MINISTRY)**
**NOTE FOR COUNCIL OF MINISTERS**

| | | |
|---|---|---|
| 1. | File Number | REV-T2/97/2024-REV |
| 2. | Department | REVENUE (T) DEPARTMENT |
| 3. | Subject | Extending Continuance Sanction for a total number of 217 temporary posts including 197 temporary posts in the State Election Commission, Building Tax units and Revenue Recovery units in the District Collectorates and 20 temporary posts at the Land Acquisition Units of the District Collectorates in Alappuzha, Malappuram, Kasaragod and Kannur with retrospective effect from 01.04.2024 to 31.03.2025 – reg. |
| 4. | Date of Chief Minister order for placing before the Council | 22.05.2024 |
| 5. | (i)Does the case involve financial commitments/implications | Yes |
| | (ii)If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | No |
| 7. | Name of Deputy Secretary who submitted the Draft Note | Sri. Roychen Thomas |
| 8. | Name of Principal Secretary who approved the Draft Note | Smt. Tinku Biswal |
| 9. | Date of Approval of the Draft Note for the Council by the Principal Secretary | 31.05.2024 |
| 10. | Name of Chief Secretary who approved the Draft Note | Dr. Venu V. |
| 11. | Date of approval of the Draft Note for the Council by the Chief Secretary | 04.06.2024 |
| 12. | Name of Minister who approved the Draft Note | Sri. K. Rajan |
| 13. | Date of approval of the Draft Note for the Council by the Minister | 04.06.2024 |
| 14. | Date of submission of fair copies | 04.06.2024 |
| 15. | Date of decision by the Council of Ministers | |
| 16. | Number and Date of the G.O./ letter communicating the decision. | |

## NOTE FOR THE COUNCIL OF MINISTERS

This note deals with extending continuance sanction for a period of one year with retrospective effect from 01.4.2024 to 31.03.2025, for a total number of 217 temporary posts including 197 temporary posts in the State Election Commission, Building Tax units and Revenue Recovery units of all District Collectorates, for which continuance sanction was accorded vide G.O.(Ms)No.75/2023/RD dated 03.04.2023 and 20 temporary posts at the Land Acquisition Units of the District Collectorates in Alappuzha, Malappuram, Kasaragod and Kannur, for which continuance sanction was accorded vide G.O.(Ms)No.196/2023/RD dated 17.08.2023 .

2) The details of the **217 temporary posts** in the Collectorates of all districts are as follows:

| Units in District Collectorates | Dy. Tahsildar | Clerk | CA | Typist | Attender | OA | Total |
|---|---|---|---|---|---|---|---|
| Land Acquisition Units one each at Kasaragod, Kannur, Malappuram and Alappuzha | - | 16 | 4 | - | - | - | 20 |
| Revenue Recovery Units – One each at Wayanad, Malappuram, Palakkad, Thrissur and Kottayam | - | 10 | 5 | - | - | - | 15 |
| State Election Commission, Revenue Recovery, Building Tax unit etc.(14 districts) | 14 | 42 | - | 28 | 14 | 84 | 182 |
| Total | 14 | 68 | 9 | 28 | 14 | 84 | 217 |

3) The Land Revenue Commissioner has informed that the land has to be acquired and distributed within the stipulated period by expediting the actions in

his regard as the number of projects requiring acquisition of land and area of those land to be acquired have risen very much and various projects such as KINFRA Projects, City Road Improvement Projects, Airport Connectivity Road Projects, Coastal Highway projects, Indian Navigation Waterway projects are included in the Government's priority projects and delay in the acquisition process will cause huge financial burden to Government. He has also informed that the present set up is insufficient to raise the Government's income in proportion to the increase in the building construction sector year after year. He has further opined to convert the temporary posts in the State Election Commission into permanent ones as the election related works have to be completed throughout the State timely and the electoral rolls have to be revised every year. The Land Revenue Commissioner has also reported that Government have announced 'revenue recovery campaigns' in order to expedite the recovery activities to enhance revenue collection due to the Government exchequer through Revenue Recovery and hence it is essential to convert the said posts into permanent ones. Therefore, the Commissioner of Land Revenue has requested to extend the continuance sanction from 01.04.2024 to the aforesaid 217 temporary posts.

4) The Finance Department has opined as follows in this regard:

"ബിൽഡിംഗ് ടാക്സ് പിരിക്കുന്നതിനായും, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടറേറ്റുകളിലേയ്ക്കും താലൂക്ക് ഓഫീസുകളിലേയ്ക്കും, വിവിധ സർക്കാർ / സർക്കാർ ഇതര കുടിശ്ശികകൾ പിരിക്കുന്നതിനുമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ള ബിൽഡിംഗ് ടാക്സ്, സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, റവന്യൂ റിക്കവറി (14 ജില്ലകളിൽ)

എന്നിവയിലെ 182 തസ്തികകൾക്ക് 01/04/2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകുന്നു.

വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ, കോട്ടയം ജില്ലകളിലെ ആർ.ആർ. യൂണിറ്റുകളിലെ 15 തസ്തികകൾക്ക് 01/04/2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകുന്നു.

ആലപ്പുഴ, മലപ്പുറം, കാസർഗോഡ്, കണ്ണൂർ എന്നീ 4 ജില്ലാ കളക്ടറേറ്റുകളിൽ മാത്രമാണ് ലാൻഡ് അക്വിസിഷൻ ഏകോപനവുമായി ബന്ധപ്പെട്ട താല്ക്കാലിക തസ്തികകൾ നിലവിൽ ഉള്ളത് എന്നതിനാലും ബാക്കി ജില്ലകളിലെ ഡെപ്യൂട്ടി കളക്ടർമാരുടെ കീഴിലുള്ള തസ്തികകൾ സ്ഥിരം തസ്തികകളായതിനാലും ഈ ജില്ലകളിലെ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ആലപ്പുഴ, മലപ്പുറം, കാസറഗോഡ്, കണ്ണൂർ എന്നീ നാല് ജില്ലാ കളക്ടറേറ്റുകളിൽ മാത്രം സൃഷ്ടിക്കപ്പെട്ട 20 തസ്തികകൾക്ക് 01/04/2024 മുതൽ ഒരു വർഷത്തേയ്ക്ക് തുടർച്ചാനുമതി നൽകുന്നു.

ഈ തീരുമാനത്തിന് ഉചിതതല അംഗീകാരമുണ്ട്. "

5) In this circumstances, continuance sanction may be extended to the above mentioned 217 temporary posts under the Land Revenue Department for a further period from 01.04.2024 to 31.03.2025, as opined by the Finance Department.

6) The Hon'ble Chief Minister has ordered to place the matter before the Council of Ministers.

**Point for Decision**

Whether continuance sanction may be accorded to a total number of 217 temporary posts including 197 temporary posts in the State Election Commission, Building Tax units and Revenue Recovery units of all District Collectorates and also 20 temporary posts in the Land Acquisition Units of the District Collectorates in Alappuzha, Malappuram, Kasaragod and Kannur mentioned in Para 2 of this note with effect from 01.04.2024 to 31.03.2025?